**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1647** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ എം നൗഷാദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ പ്രത്യേകമായ സെന്ററുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗവേഷണ നിലവാരം, അധ്യാപന ഗുണമേന്മ എന്നിവ മെച്ചപ്പെടുത്താനും മികച്ച വിദ്യാഭ്യാസ സാധ്യതകൾ തേടുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉചിതമായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിനും വികസിപ്പിച്ചെടുത്തതാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (KIRF). കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഹയർ എഡ്യൂക്കേഷൻ എംപവർമെന്റ് ഇംപ്ലിമെന്റേഷൻ പ്ലാൻ പ്രോജക്ടിന്റെ ഭാഗമായാണ് KIRF നിലവിൽ വന്നിട്ടുള്ളത്.** |
| (ബി) | എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | **സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിലൂടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗിൽ പങ്കെടുക്കാൻ സജ്ജമാക്കുകയാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (KIRF)-ന്റെ ലക്ഷ്യം. ദേശീയ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിനെ അടിസ്ഥാനമാക്കി രൂപകൽപ്പന ചെയ്തിട്ടുള്ളതിനൊപ്പം സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളായ വൈജ്ഞാനിക മനോഭാവവും സാംസ്കാരിക സൗഹാർദ്ദവും (Scientific Temper and Secular OUt look-STSO) ഹരിത സാങ്കേതിക വിദ്യയുടെ ഉപയോഗം (Adoption of Green Technology-GT) ആദ്യതലമുറ പഠിതാക്കൾ (First Generation Learners-FGL) തുടങ്ങിയവയും KIRF-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.**<br><br>**KIRF വിദ്യാഭ്യാസ സ്ഥാപനങ്ങളെ അഞ്ച് പ്രധാന മാനദണ്ഡങ്ങളായ ടീച്ചിംഗ്, ലേണിംഗ് ആൻറ് റിസോഴ്സസ് (TLR), നോളഡ്ജ് ഡിസ്സെമിനേഷൻ ആന്റ് റിസർച്ച് എക്സലൻസ് (KDRE),** |

| | | | |
|---|---|---|---|
| | | | **ഗ്രാജ്ജുവേഷൻ ഔട്ട്കം (GO), ഔട്ട് റീച്ച് ആന്റ് ഇൻക്ലൂസിവിറ്റി (OI), സയന്റിഫിക് ടെമ്പർ ആന്റ് സെക്കുലർ ഔട്ട് ലുക്ക് (STSO) എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി റാങ്ക് ചെയ്യുന്നു. കൂടാതെ ഓരോ മാനദണ്ഡങ്ങൾക്കും വെയ്റ്റേജ് നൽകിയിരിക്കുന്നതിലൂടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ട്. KIRF റാങ്കിംഗ് മെത്തഡോളജിയിൽ സമഗ്രവും നിശിതവുമായ ഡാറ്റശേഖരണവും പരിശോധനയും കൂടാതെ പ്രാഥമികവും വിവിധ ദേശീയ ഏജൻസികളിൽ നിന്നുമുള്ള വിവരസംയോജനവും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ ബിബ്ലിയോമെട്രിക് വിശകലനം നടത്തിയിരിക്കുന്നത് ദേശീയ ഏജൻസിയായ CSIR-NISCPR എന്ന സ്ഥാപനവും പേറ്റന്റ് വിലയിരുത്തപ്പെട്ടിരിക്കുന്നത് Indian Patent Advanced Search System (In PASS) ഉപയോഗിച്ചുമാണ്. ഡാറ്റ വിശകലനത്തിൽ കണ്ടെത്തുന്ന ന്യൂനതകൾ കൃത്യമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അറിയിക്കുന്നതിനും ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിലൂടെ ന്യൂനതകൾ പരിഹരിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.** |
| (സി) | പ്രസ്തുത സംവിധാനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര വർദ്ധനവിന് ഏതൊക്കെ തരത്തിൽ സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) | **സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിലൂടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗിൽ പങ്കെടുക്കാൻ സജ്ജമാക്കുകയാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (KIRF)-ന്റെ ലക്ഷ്യം. ദേശീയ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിനെ അടിസ്ഥാനമാക്കി രൂപകൽപ്പന ചെയ്തിട്ടുള്ളതിനൊപ്പം സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളായ വൈജ്ഞാനിക മനോഭാവവും സാംസ്കാരിക സൗഹാർദ്ദവും (Scientific Temper and Secular OUt look-STSO) ഹരിത സാങ്കേതിക വിദ്യയുടെ ഉപയോഗം (Adoption of Green Technology-GT) ആദ്യതലമുറ പഠിതാക്കൾ (First Generation Learners-FGL) തുടങ്ങിയവയും KIRF-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.**<br><br>**KIRF വിദ്യാഭ്യാസ സ്ഥാപനങ്ങളെ അഞ്ച് പ്രധാന മാനദണ്ഡങ്ങളായ ടീച്ചിംഗ്, ലേണിംഗ് ആൻറ് റിസോഴ്സസ് (TLR), നോളഡ്ജ് ഡിസ്സെമിനേഷൻ ആന്റ് റിസർച്ച് എക്സലൻസ് (KDRE), ഗ്രാജ്ജുവേഷൻ ഔട്ട്കം (GO), ഔട്ട് റീച്ച് ആന്റ് ഇൻക്ലൂസിവിറ്റി (OI), സയന്റിഫിക് ടെമ്പർ ആന്റ് സെക്കുലർ ഔട്ട് ലുക്ക് (STSO) എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി റാങ്ക് ചെയ്യുന്നു. കൂടാതെ ഓരോ** |

| | | | |
|---|---|---|---|
| | | | **മാനദണ്ഡങ്ങൾക്കും വെയ്റ്റേജ് നൽകിയിരിക്കുന്നതിലൂടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ട്. KIRF റാങ്കിംഗ് മെത്തഡോളജീയിൽ സമഗ്രവും നിശിതവുമായ ഡാറ്റശേഖരണവും പരിശോധനയും കൂടാതെ പ്രാഥമികവും വിവിധ ദേശീയ ഏജൻസികളിൽ നിന്നുമുള്ള വിവരസംയോജനവും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ ബിബ്ലിയോമെട്രിക് വിശകലനം നടത്തിയിരിക്കുന്നത് ദേശീയ ഏജൻസിയായ CSIR-NISCPR എന്ന സ്ഥാപനവും പേറ്റന്റ് വിലയിരുത്തപ്പെട്ടിരിക്കുന്നത് Indian Patent Advanced Search System (In PASS) ഉപയോഗിച്ചുമാണ്. ഡാറ്റ വിശകലനത്തിൽ കണ്ടെത്തുന്ന ന്യൂനതകൾ കൃത്യമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അറിയിക്കുന്നതിനും ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിലൂടെ ന്യൂനതകൾ പരിഹരിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ